ഉത്തരം

(എ) 37 എണ്ണം.

(ബി)

കിടങ്ങൂർ	13 എണ്ണം
കല്ലറ	2 "
കടുത്തുരുത്തി	5 "
മുട്ടക്കുളം	5 "
മാഞ്ഞൂർ	8 "
സീഴൂർ	1 "
വെള്ളൂർ	3 "

(സി) നാൽപ്പത്തി ഒന്ന്.

(ഡി) ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ താഴെപറയുന്നവയാണ്.

1.	വാലാച്ചിറ	ടെൻഡർ ചെയ്തിരിക്കുന്നു.
2.	കുന്നുശ്ശേരിക്കരി	ടെൻഡർ ചെയ്തിരിക്കുന്നു.
3.	കാവിൻകുന്നുംപ്പുറം	ടെൻഡർ ചെയ്തിരിക്കുന്നു.
4.	പുത്തൻപ്പള്ളി	ജോലിപൂർത്തിയായിക്കൊണ്ടിരിക്കുന്നു.
5.	വരൽഗോളി	ജോലി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.
6.	വടുകുളങ്ങര	ജോലി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.
7.	പാറശ്ശേരി	ജോലി കോൺട്രാക്ട് നൽകി ശേഷിക്കുന്ന വർക്കുകൾ മുൻഗണന അനുസരിച്ചും, മെറ്റീരിയൽസിന്റെ ലഭ്യത അനുസരിച്ചും പൂർത്തിയാക്കുന്നതാണ്.

വൈദ്യുതി ചാർജ് ഈടാക്കാൻ ഇളവ്

85 (2663) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് എത്രയാണ് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഈ ചാർജ്ജ് എത്രയായിരുന്നു ;

(സി) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലുള്ള കർഷകർക്ക് എത്ര മാസത്തെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക യ്ക്കുള്ള ബില്ലാണ് കൊടുത്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ചിറ്റൂർ വൈദ്യുതി ഓഫീസിന്റെ പരിധിയിൽപ്പെട്ട കുറ്റിപ്പുള്ളം കാണാംപാറ കെ. അപ്പുക്കുട്ടൻ എന്നയാളിന് എന്തു തുകയുടെ 'കുടിശ്ശിക' ബില്ലാണ് കൊടുത്തിട്ടുള്ളത് ; ഇത് എത്രമാസത്തെ കുടിശ്ശികയാണ് ;

(ഇ) നിരവധി മാസത്തെ ഒരു കുടിശ്ശികത്തുകയായി ഭാരിച്ച സംഖ്യ സാധാരണ കൃഷിക്കാരൻമാർക്ക് ഒന്നിച്ചടയ്ക്കാൻ ബുദ്ധുമുട്ടാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ തുക ഏത് തീയതിക്കുമുമ്പ് അടയ്ക്കണമെന്നാണ് ആവശ്യപ്പെട്ടത് ;

(ജി) തുക അടയ്ക്കാത്തതിനാൽ ഇയാളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കുകയും അടയ്ക്കാനുള്ള തുക 250 രൂപ വീതമുള്ള ആയാസരഹിത തവണകളായി അടയ്ക്കുവാൻ അനുവദിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) (1) എൽ.ടി.കാർഷികം

പ്രതിമാസഫിക്സഡ് ചാർജ്ജ് ഒരു കിലോവാട്ടിന് - 5 രൂപ
കൂടാതെ എനർജി ചാർജ്ജ് യൂണിറ്റൊന്നിന് 50 പൈസ.

(2) എച്ച്.റ്റി.കാർഷികം

ഡിമാന്റ് ചാർജ്ജ് കെ.വി.എ.യ്ക്ക് പ്രതിമാസം -130 രൂപ
കൂടാതെ യൂണിറ്റൊന്നിന് എനർജി ചാർജ്ജ് -105 പൈസ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 8- 1995 മുതൽ 1- 2000 വരെയുള്ള 54 മാസത്തെ കുടിശ്ശികയ്ക്കുള്ള ബില്ല്.

(ഡി) 6915 രൂപ. 41 മാസത്തെ കുടിശ്ശിക.

(ഇ) ഉണ്ട്.

(എഫ്) 5-2-2000.

(ജി) ഉണ്ട്.

(എച്ച്) 29-2-2000 ത്തിൽ വൈദ്യുതി ബന്ധം പുന:സ്ഥാപിച്ചിട്ടുണ്ട്. തവണ വ്യവസ്ഥയിൽ പണം അടയ്ക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എത്ര തവണകൾ നൽകണമെന്ന കാര്യം പരിഗണിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly